ഉത്തരം

(എ) സംസ്ഥാനത്തെ പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണവും ഏർപ്പെടുത്തിയിട്ടുള്ളതിനു പുറമെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസിൽ റൂൾസ് പ്രകാരം ഉദ്യോഗ സംവരണവും നൽകുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ആനുകൂല്യങ്ങൾക്ക് വകയിരുത്തിയ തുക

3 (3402)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യങ്ങളും പ്രതിമാസ സ്റ്റൈപന്റ് അടക്കമുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് എന്തെങ്കിലും തുക 1999-2000-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക; ഇത് ചെലവഴിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടിയ്ക്കും ചെലവഴിച്ച തുകയും വിശദീകരിക്കുമോ;

(സി) പിന്നോക്ക സമുദായ ക്ഷേമത്തിനായി ചെലവഴിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 20 കോടി രൂപ വകമാറ്റി ചെലവഴിക്കാനോ ധനപുനർവിനിയോഗത്തിനോ സർക്കാർ ശ്രമിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ തുക പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 100% കേന്ദ്ര സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ 1999-2000 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) 20 കോടി രൂപ 1999-2000 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയോ ധനസഹായം അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

(സി)&(ഡി) തുക വകമാറ്റി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നില്ല. പദ്ധതിക്ക് കേന്ദ്രാനുമതി ഈ സാമ്പത്തിക വർഷം തന്നെ ലഭിക്കാതെ വന്നാൽ തുക സറണ്ടർ ചെയ്യേണ്ടതായി വരും.

പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ

4 (3403)ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly